**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1039** **29-08-2022 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സംഭരണശേഷി ഉയർത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡാമുകൾ, അവ നിർമ്മിച്ച വർഷം, അവയുടെ സംഭരണശേഷി എന്നിവയുടെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | ജലവിഭവ വകുപ്പിന് കീഴിലെ ജലസേചന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഡാമുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഡാമുകളിൽ വർഷങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും മൂലം സംഭണശേഷിയിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുകയോ, ചെളിയും എക്കലും നീക്കാൻ നടപടി സ്വീകരിക്കുയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്തെ ജലസേചനവകുപ്പിനു കീഴിൽ വിവിധ ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയുടേയും എക്കലിന്റേയും അളവ് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പഠന വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷി കുറഞ്ഞിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സംസ്ഥാനത്തെ ജലസേചനവകുപ്പിനു കീഴിലെ ഡാമുകളിൽ അടിഞ്ഞു കൂടിയ എക്കലും ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിയ്ക്കായി (ഡീസിൽറ്റേഷൻ) 26/09/2017ലെ സ.ഉ(കൈ) നം.79/17/ജവിവ, 14/05/2019ലെ സ.ഉ(കൈ) നം.14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.<br><br>മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17/12/2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻ പ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 30/05/2022ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ<br><br>( KIIDC)ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തിയാക്കി കരാർ അംഗീകരിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിച്ചിട്ടുണ്ട്. മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയ്ക്ക് ആവശ്യമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തി 10/06/2022 മുതൽ നടന്നു വരികയാണ്. വാളയാർ ഡാമിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ഡീസിൽറ്റേഷനുവേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തി വരികയാണ്.<br><br>കേരള വാട്ടർ അതോറിറ്റിക്കു കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ( KIIDC) ഏൽപ്പിക്കാൻ 30/05/2022 ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇപ്പോഴത്തെ മഴക്കാലം കഴിയുമ്പോൾ സംസ്ഥാനത്തെ മുഴുവൻ ഡാമുകളിലെയും ചെളിയും എക്കലും നീക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (സി) | സംസ്ഥാനത്തെ ജലസേചനവകുപ്പിനു കീഴിൽ വിവിധ ഡാമുകളിൽ അടിഞ്ഞു കൂടിയിട്ടുള്ള ചെളിയുടേയും എക്കലിന്റേയും അളവ് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പഠന വിധേയമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡാമുകളുടെ സംഭരണശേഷി കുറഞ്ഞിട്ടുള്ളതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് സംസ്ഥാനത്തെ ജലസേചനവകുപ്പിനു കീഴിലെ ഡാമുകളിൽ അടിഞ്ഞു കൂടിയ എക്കലും ചെളിയും മണലും നീക്കം ചെയ്യുന്ന പ്രവൃത്തിയ്ക്കായി (ഡീസിൽറ്റേഷൻ) 26/09/2017ലെ സ.ഉ(കൈ) നം.79/17/ജവിവ, 14/05/2019ലെ സ.ഉ(കൈ) നം.14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. |

ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. ഡീസിൽറ്റേഷൻ പ്രവൃത്തികളുടെ ഏകോപനത്തിനായി ഹൈ ലെവൽ എംപവേർഡ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

മംഗലം ഡാമിന്റെ ജലസംഭരണിയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തികൾ 17/12/2020 മുതൽ ആരംഭിച്ചിരുന്നു. എന്നാൽ കരാറിൽ അംഗീകരിച്ചതിൻ പ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കരാർ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുവാൻ 30/05/2022ൽ ചേർന്ന ഹൈലെവൽ എംപവേർഡ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

ചുള്ളിയാർ ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ

( KIIDC)ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ടെണ്ടർ പൂർത്തിയാക്കി കരാർ അംഗീകരിച്ച് നടപടികൾ പുരോഗമിച്ചു വരുന്നു.

വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (KEMDEL) ഏൽപ്പിച്ചിട്ടുണ്ട്. മീങ്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തിയ്ക്ക് ആവശ്യമായ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തി 10/06/2022 മുതൽ നടന്നു വരികയാണ്. വാളയാർ ഡാമിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുകയും ഡീസിൽറ്റേഷനുവേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള മലമ്പുഴ, മലങ്കര, കാരാപ്പുഴ, മണിയാർ, പഴശ്ശി എന്നീ റിസർവോയറുകളുടെ ഡീസിൽറ്റേഷൻ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (DCIL) മായി ചർച്ചകൾ നടത്തി വരികയാണ്.

കേരള വാട്ടർ അതോറിറ്റിക്കു കീഴിൽ വരുന്ന അരുവിക്കര ഡാമിന്റെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലെപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ( KIIDC) ഏൽപ്പിക്കാൻ 30/05/2022 ൽ ചേർന്ന

| | | | |
|---|---|---|---|
| | | | ഹൈലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| നമ്പർ | ഡാം/ റിസർവോയർ | നിർമ്മിച്ച വർഷം | സംഭരണശേഷി(Mm$^3$) |
|---|---|---|---|
| 1 | മലമ്പുഴ | 1955 | 226 |
| 2 | മംഗലം | 1957 | 25.49 |
| 3 | പോത്തുണ്ടി | 1967 | 50.914 |
| 4 | കാഞ്ഞിരപ്പുഴ | 1980 | 70.82 |
| 5 | ചുള്ളിയാർ | 1970 | 13.70 |
| 6 | മീങ്കര | 1964 | 11.30 |
| 7 | വാളയാർ | 1964 | 18.40 |
| 8 | കുറ്റ്യാടി | 1973 | 120.52 |
| 9 | കാരാപ്പുഴ | 2005 | 76.50 |
| 10 | പഴശ്ശി | 1979 | 49.084 |
| 11 | ചിമ്മിനി | 1996 | 151.55 |
| 12 | വാഴാനി | 1959 | 18.121 |
| 13 | പറമ്പ്പാർ | 1986 | 504.92 |
| 14 | നെയ്യാർ | 1959 | 106.2 |
| 15 | മലങ്കര | 1994 | 37 |
| 16 | മണിയാർ | 1993 | 8.8 |
| 17 | ഭൂതത്താൻകെട്ട് | 1963 | 169.76 |
| 18 | പീച്ചി | 1957 | 94.95 |